ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 22.06.2026**

## പ്രധാനവാർത്തകൾ

1. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ മംഗോളിയ, ദക്ഷിണ കൊറിയ സന്ദർശനത്തിന് തുടക്കമായി.
2. പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യ മന്ത്രി.
3. സംസ്ഥാനത്ത് ക്ഷേമ പെൻഷൻ 3000 രൂപയാക്കുന്നത് സംബന്ധിച്ച് ഉടൻ തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
4. 'കർഷക സഭയും ഞാറ്റുവേല ചന്തയും' പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം. മന്ത്രി ടി. സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും.
5. സംസ്ഥാനത്ത് മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത.
6. ഫിഫ ലോകകപ്പിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന ഇന്ന് ഓസ്ട്രിയയെ നേരിടും.

***********************************

RNU TVPM

## വിദേശകാര്യ മന്ത്രി-സന്ദർശനം

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ മംഗോളിയ, ദക്ഷിണ കൊറിയ സന്ദർശനത്തിന് തുടക്കമായി. മംഗോളിയൻ വിദേശകാര്യ മന്ത്രിയുമായി ശ്രീ ജയ്ശങ്കർ കൂടിക്കാഴ്ച നടത്തും. ഈ മാസം 24, 25 തീയതികളിൽ ദക്ഷിണ കൊറിയ സന്ദർശിക്കുന്ന അദ്ദേഹം കൊറിയൻ വിദേശകാര്യ മന്ത്രിയുമായും ചർച്ച നടത്തും.

*************************************

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും.

RNU TVPM

*************************************

## നിയമസഭ - വാക്കൗട്ട്

അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പകർച്ചവ്യാധികൾ കാരണമുള്ള മരണങ്ങൾ വർധിക്കുന്ന സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് മുഹമ്മദ് റിയാസ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. പകർച്ചവ്യാധി പ്രതിരോധത്തിന് സർക്കാരുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു. മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സർക്കാരിന് കഴിഞ്ഞില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. എന്നാൽ, പകർച്ച വ്യാധികൾ നിയന്ത്രിക്കാൻ എല്ലാ മുൻ കരുതൽ നടപടിയും സ്വീകരിച്ചതായും ആശങ്കപ്പെടേണ്ട

സാഹചര്യമില്ലെന്നും മന്ത്രി കെ മുരളീധരൻ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

*************************************

## സഭ - കെ മുരളീധരൻ (ഇൻട്രോ)

സംസ്ഥാനത്ത് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് ശക്തമായ ഏകോപന സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി അറിയിച്ചു. പ്രതിദിന നിരീക്ഷണവും മാനസിക ആരോഗ്യ പിന്തുണയും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************************

## മുഖ്യമന്ത്രി - പെൻഷൻ

സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ 3000 രൂപയാക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ക്ഷേമ പെൻഷൻ വീടുകളിൽ എത്തിക്കുന്നത് തുടരും. സ്ത്രീ സുരക്ഷാ പെൻഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും പങ്കാളികളാകുമെന്നും അദ്ദേഹം അറിയിച്ചു.

*************************************

## മുഖ്യമന്ത്രി വി ഡി സതീശൻ (ഇൻട്രോ)

പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര പദ്ധതിയിൽ KSRTC ഓർഡിനറി ബസുകളെ സിറ്റി ഫാസ്റ്റ് ആക്കി മാറ്റിയിട്ടില്ലെന്ന് മുഖ്യമന്ത്രി വി ഡി

RNU TVPM

സതീശൻ. സൗജന്യ യാത്രയ്ക്ക് ചെലവാകുന്ന പണം സർക്കാർ നൽകുമെന്നും KSRTC യെ സ്വയം പര്യാപ്തമാക്കുമെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

(വോയ്സ്)

*************************************

## സഭ - അനൂപ് ജേക്കബ്

സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി അനൂപ് ജേക്കബ്. നെല്ല് സംഭരണത്തിനുള്ള വായ്പാ പരിധി, 1100 കോടിയിൽ നിന്ന് 1600 കോടി രൂപയാക്കി ഉയർത്തി. മില്ല് ഉടമകളുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും മന്ത്രി സഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു.

RNU TVPM

*************************************

## ഞാറ്റുവേല ചന്ത പദ്ധതി

സംസ്ഥാനത്ത് 'കർഷക സഭയും ഞാറ്റുവേല ചന്തയും' പദ്ധതിക്ക് ഇന്ന് തുടക്കമാകും. മന്ത്രി ടി. സിദ്ദിഖ് തിരുവനന്തപുരം കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടനം നിർവ്വഹിക്കും. കേരളത്തിന്റെ കാർഷിക പാരമ്പര്യവും ഞാറ്റുവേല അധിഷ്ഠിത കൃഷി സംസ്കാരവും പുതുതലമുറയിലേക്ക് പകർന്നു നൽകുകയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

*************************************

## സഞ്ജയ് മൽഹോത്ര

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ എം.എസ്.എം.ഇകളുടെ സ്വാധീനം ഏറെ വലുതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഗവർണർ സഞ്ജയ്

മൽഹോത്ര. അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനത്തോടനുബന്ധിച്ച് ആർ.ബി.ഐ തിരുവനന്തപുരം റീജിയണൽ ഓഫീസ് കൊച്ചിയിൽ നടത്തിയ ബോധവൽക്കരണ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 140-ലധികം സംരംഭകർ പരിപാടിയിൽ പങ്കെടുത്തു.

***********************************************

## കീം -ഫലം

കീം പരീക്ഷ ഫലപ്രഖ്യാപനം മാറ്റിവെച്ചു. സി.ബി.എസ്.ഇ പ്ലസ്- ടു പുനർ മൂല്യനിർണ്ണയത്തിനു ശേഷമുള്ള മാർക്ക് കൂടി ഉൾപ്പെടുത്താൻ സമയം നീട്ടി നൽകണമെന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അഭ്യർത്ഥനയെ തുടർന്നാണ് നടപടി. ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി.എം.ജോൺ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദേശം നൽകി.

RNU TVPM

***********************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***********************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന്. ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

***************************************

## ഡെങ്കിപ്പനി-മരണം

പാലക്കാട് വണ്ടിത്താവളത്ത് ഡെങ്കിപ്പനി ബാധിച്ച് അങ്കണവാടി ഹെൽപർ മരിച്ചു. പെരുമാട്ടി കാരികുളം സ്വദേശി ഗീതയാണ് മരിച്ചത്. ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്നു.

***************************************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന ഇന്ന് ഓസ്ട്രിയയെ നേരിടും. രാത്രി 10 : 30 നാണ് മത്സരം. ഇന്ന് രാവിലെ നടന്ന ഉറുഗ്വേ -കേപ് വെർദെ മത്സരം ഇരു ടീമും രണ്ടു ഗോളുവീതം അടിച്ച് സമനിലയിൽ പിരിഞ്ഞു. മറ്റൊരു മത്സരത്തിൽ ന്യൂസിലാന്റിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് ഈജിപ്റ്റ് പരാജയപ്പെടുത്തി.

RNU TVPM

***************************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***************************************

## മഴക്കുറവ് - പാലക്കാട് (ഇൻട്രോ)

മഴ ലഭ്യതയിലെ കുറവ് പാലക്കാട് ജില്ലയിലെ കാർഷികമേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കാലവർഷത്തിന്റെ തുടക്കത്തിൽ തന്നെ ജില്ലയിൽ 90 ശതമാനം മഴക്കുറവാണ് ഉണ്ടായിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........**

(വോയ്സ്)

*************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 387 പോയിന്റ് ഉയർന്ന് 77,193 ലും, നിഫ്റ്റി 113 പോയിന്റ് നേട്ടത്തിൽ 24,126 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 320 രൂപ വർധിച്ച് ഒരു ലക്ഷത്തി 7,440 രൂപയും, ഗ്രാമിന് 13,430 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*************************************

## ശ്രീരാഗ സന്ധ്യ

പ്രശസ്ത സംഗീതജ്ഞൻ ആലപ്പുഴ കെ എസ് ശ്രീകുമാറിൻറെ അനുസ്മരണ പരിപാടികൾ ഇന്ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കും. സ്വാതി തിരുന്നാൾ സംഗീത കോളേജിൽ നടക്കുന്ന പരിപാടിയിൽ മന്ത്രിമാർ , സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

*************************************

## കടലുണ്ടി -അപകടം

കടലുണ്ടി തീവണ്ടി അപകടം നടന്ന് കാൽ നൂറ്റാണ്ട് പിന്നിടുന്നു. ഇന്ന് വൈകീട്ട് ലെവർ ക്രോസ് പരിസരത്ത് അനുസ്മരണ സംഗമം നടക്കും. 2001 ജൂൺ 22 ന് ഉണ്ടായ അപകടത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങളും രക്ഷാപ്രവർത്തകരും സംബന്ധിക്കും.

************************************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്തെ പ്ലസ് വൺ രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള പ്രവേശന നടപടികൾക്ക് ഇന്ന് തുടക്കമായി. രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് നാളെ വൈകിട്ട് അഞ്ചു മണി വരെ പ്രവേശനം നേടാം. താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് താൽക്കാലിക പ്രവേശനമോ സ്ഥിര പ്രവേശനമോ നേടാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫിസ് അറിയിച്ചു.

RNU TVPM

************************************

## ഭക്ഷ്യവിഷബാധ

കോട്ടയത്ത് ഭക്ഷ്യവിഷ ബാധയേറ്റ് യുവാവ് മരിച്ചു. കുമരകം സ്വദേശി ജ്യോതിഷാണ് മരിച്ചത്. ശനിയാഴ്ച ഷാപ്പിൽ നിന്നും കൂട്ടുകാരുമൊത്ത് ഭക്ഷണം കഴിച്ചിരുന്നു. സുഹൃത്തുക്കളായ 5 പേരും ചികിത്സയിലാണ്.

************************************

## ഷിഗെല്ല

കോഴിക്കോട് മാവൂരിൽ ഷിഗല്ല ബാധിച്ച് സ്ത്രീ മരിച്ച സാഹചര്യത്തിൽ പ്രദേശത്ത് നിരീക്ഷണം തുടരുന്നു. ഉറവിടം കണ്ടെത്തുന്നതിനുള്ള പരിശോധനകളും ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്. പ്രദേശത്തെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യു.

*************************************

## ഖത്തർ സ്ഫോടനം

ഖത്തറിലെ ഗ്യാസ് പ്ലാന്റിലുണ്ടായ സ്ഫോടനത്തിൽ 54 പേർക്ക് പരിക്കേറ്റു, 18 പേരെ കാണാതായി. സ്ഫോടനത്തിന്റെ കാരണം സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങളും തുടരുകയാണ്.

*************************************

## കൊച്ചി-കപ്പലിന് തീപിടിച്ചു

കൊച്ചി വൈപ്പിനിൽ കപ്പലിന് തീപിടിച്ചു. സ്വകാര്യ ഷിപ് യാർഡിൽ അറ്റകുറ്റപ്പണിക്കെത്തിച്ച കപ്പലിനാണ് ഇന്ന് പുലർച്ചെ തീപിടിച്ചത്. ആളപായമില്ല. തീ പിടിത്തത്തെ തുടർന്ന് പ്രദേശമാകെ പുക പടർന്നിരിക്കുകയാണ്.

RNU TVPM

*************************************

## കുളമ്പുരോഗ-കുത്തിവയ്പ്പ്

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം സംസ്ഥാനത്ത് പുരോഗമിക്കുന്നു. പദ്ധതിയുടെ എട്ടാം ഘട്ടം കണ്ണൂരിൽ അടുത്ത മാസം 13 വരെ നടക്കും. ജില്ലാ മൃഗാശുപത്രിയുടെ നേതൃത്വത്തിൽ 113 വാക്സിനേഷൻ സ്ക്വാഡുകൾ കർഷകരുടെ വീടുകളിലെത്തി മൃഗങ്ങൾക്ക് കുത്തിവെപ്പ് നൽകും.

*****************************************************************************
*****